കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-സി) വകുപ്പ്

നമ്പർ 515/ഉപ.സി2./2015/ഉഭപവ. *തീയതി, തിരുവനന്തപുരം, 2015 മാർച്ച് 23.*

## സർക്കുലർ

*വിഷയം:*— ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് —കൃത്യനിർവ്വഹണ സമയത്തെ സർക്കാർ ജീവനക്കാർക്കിടയിലെ പുകവലി, മദ്യപാനം, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എന്നിവ വിലക്കുന്നത്— നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

*സൂചന:*— (1) 22-8-1977-ലെ 25100/എസ്.ഡി2./77/ജിഎഡി. നമ്പർ സർക്കുലർ

(2) 15-10-84-ലെ 49674/എസ്.ഡി2./84/ജിഎഡി. നമ്പർ സർക്കുലർ

(3) 11-7-95-ലെ ജി.ഒ. (പി) നമ്പർ 239/95/ജിഎഡി.

കേരള സർക്കാർ ജീവനക്കാർ, അവരുടെ ഔദ്യോഗിക കർത്തവ്യ നിർവ്വഹണ സമയത്ത് ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കരുതെന്ന് 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 93 B-യിലും, സർക്കാർ ആഫീസുകളിലോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ പുകവലിക്കാൻ പാടില്ല എന്ന് പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 93 D-യിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കാതെ ഓഫീസ് പ്രവൃത്തി സമയത്തും, കൃത്യനിർവ്വഹണം നടത്തുന്ന അവസരങ്ങളിലും കുറച്ചെങ്കിലും ജീവനക്കാർ പുകവലി, മദ്യപാനം, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗിക്കൽ എന്നിവയിൽ ഏർപ്പെടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഇവർക്കെതിരെ നടപടിയെടുക്കുന്നതിൽ മേലുദ്യോഗസ്ഥർ പലപ്പോഴും വിമുഖത കാണിക്കുന്നുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓഫീസ് പ്രവൃത്തി സമയത്തും, കർത്തവ്യ നിർവ്വഹണ അവസരങ്ങളിലും സംസ്ഥാന സർക്കാർ ജീവനക്കാർ പുകവലി, മദ്യപാനം, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗിക്കൽ എന്നിവയിൽ ഏർപ്പെടരുതെന്ന പെരുമാറ്റ ചട്ടത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു.

GCPT. 3/1496/2015/TP.

[മറുപുറം

ഈ വ്യവസ്ഥകൾ ലംഘിക്കുന്ന ജീവനക്കാർക്കെതിരെ 1960-ലെ KCS(CC & A) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്ന് എല്ലാ നിയമനാധികാരികളോടും വകുപ്പദ്ധ്യക്ഷൻമാരോടും നിർദ്ദേശിക്കുന്നു. സർക്കാർ ജീവനക്കാരുടെ ലഹരി പദാർത്ഥങ്ങളുപയോഗിച്ചുകൊണ്ടുള്ള വാഹനം ഓടിക്കൽ, ഓഫീസിലെ മോശമായ പെരുമാറ്റം തുടങ്ങിയവ ശ്രദ്ധയിൽപ്പെടുകയോ, പരാതി ലഭിക്കുകയോ ചെയ്യുന്നപക്ഷം മേലധികാരി ഇക്കാര്യത്തിൽ കർശന നടപടിയെടുക്കണമെന്ന് നിർദ്ദേശിക്കുന്നു. സർക്കാർ ഡ്രൈവർമാർ ലഹരി പദാർത്ഥമുപയോഗിച്ചുകൊണ്ട് വാഹനമോടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അടിയന്തിരമായി സസ്പെന്റു ചെയ്ത് തുടർനടപടി സ്വീകരിക്കേണ്ടതാണ്. അത്തരം സന്ദർഭങ്ങളിൽ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കാത്ത നിയമനാധികാരികൾ/വകുപ്പദ്ധ്യക്ഷൻമാർക്കെതിരെ ഗുരുതരമായ കൃത്യവിലോപത്തിന് നടപടി സ്വീകരിക്കുന്നതാണ്.

**കെ. അജയകുമാർ,**
*സെക്രട്ടറി.*

*പകർപ്പ്* :— എല്ലാ വകുപ്പു മേധാവികൾക്കും/നിയമനാധികാരികൾക്കും/ ഓഫീസുകൾക്കും.

നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).

മുഖ്യമന്ത്രിയുടെയും എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ)വകുപ്പ്.

(പത്രമാധ്യമങ്ങളിലൂടെയുള്ള വിപുലമായ പ്രചരണത്തിനും സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനും).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

---

EN